"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - ജൂഡീഷ്യറി - ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ കോർട്ട് ഓഫീസർ ശ്രീമതി സോണി പിൻഹെയ്റോയെ 01.08.2026 മുതൽ ബഹു. ചീഫ് ജസ്റ്റിസിന്റെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (OSD) ആയി co-terminus വ്യവസ്ഥയിൽ കരാറടിസ്ഥാനത്തിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (സി) വകുപ്പ്**

സ.ഉ.(കൈ) നം.136/2026/HOME തീയതി,തിരുവനന്തപുരം, 06-08-2026

---

പരാമർശം:-

1. സ.ഉ(കൈ)നം.16/2025/ആഭ്യന്തരം തീയതി 29.01.2025
2. സ.ഉ(കൈ)നം.26/2026/ആഭ്യന്തരം തീയതി 11.02.2026
3. സ.ഉ(സാധാ)നം.44/2026/ആഭ്യന്തരം തീയതി 28.02.2026
4. 22.07.2026 തീയതിയിലെ രജിസ്ട്രാർ ജനറലിന്റെ D.O. No. HCKL/7098/2026-A5 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്

**<u>ഉത്തരവ്</u>**

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ കോർട്ട് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 31.01.2025-ൽ സർവീസിൽ നിന്നും വിരമിച്ച ശ്രീമതി സോണി പിൻഹെയ്റോയ്ക്ക് 01.02.2025 മുതൽ ഒരു വർഷത്തേയ്ക്ക് പുനർനിയമനം നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, ടിയാളുടെ പുനർ നിയമന കാലാവധി 01.02.2026 മുതൽ ആറുമാസത്തേക്ക് കൂടി ദീർഘിപ്പിച്ച് കൊണ്ട് പരാമർശം (2), (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

(2) ശ്രീമതി സോണി പിൻഹെയ്റോയുടെ പുനർനിയമന കാലാവധി 31.07.2026-ൽ അവസാനിക്കുകയാണെന്നും, ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ ഓഫീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് പരിചയസമ്പന്നരായ ഭരണനിർവഹണ ഉദ്യോഗസ്ഥരുടെ പിന്തുണ അത്യന്താപേക്ഷിതമാണെന്നും, കൂടാതെ കേസ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെയും അനുബന്ധ ഡിജിറ്റൽ സംവിധാനങ്ങളുടെയും സുഗമമായ പ്രവർത്തനത്തിനായി ഐ.ടി പ്രൊജക്റ്റ് ഡയറക്ടറേറ്റുമായി ഏകോപനം നടത്തുന്നതിനും, അടിയന്തിര പ്രാധാന്യമുള്ള ജുഡീഷ്യൽ ജോലികൾ കൈകാര്യം ചെയ്യുന്നതിനും, കേസ് ഫ്ലോ മാനേജ്മെന്റിലും കോർട്ട് മാനേജ് മെന്റിലും ശ്രീമതി സോണി പിൻഹെയ്റോയ്ക്ക് വിപുലമായ പരിചയസമ്പത്തുണ്ടെന്നും, ആയതിനാൽ ഭാരതീയ ഭരണഘടനയുടെ ആർട്ടിക്കിൾ 229, കേരള ഹൈക്കോടതി സർവീസ് റൂൾസ് (2007) ലെ റൂൾ 37(2) എന്നിവ നൽകുന്ന അധികാരം വിനിയോഗിച്ച്, ശ്രീമതി പിൻഹെയ്റോയെ 01.08.2026 മുതൽ Co-terminus വ്യവസ്ഥയിൽ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (OSD) ആയി കരാർ

അടിസ്ഥാനത്തിൽ, ടി ഉദ്യോഗസ്ഥ അവസാനം വാങ്ങിയ ശമ്പളത്തിന് തുല്യമായ വേതനത്തിൽ നിയമിക്കാൻ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ അനുമതി നല്കുന്നതിലേക്കായി രജിസ്ട്രാർ ജനറൽ പരാമർശം(4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഈവിഷയം വിശദമായി പരിശോധിച്ചു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ കോർട്ട് ഓഫീസർ തസ്തികയിൽ പുനർനിയമന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി സോണി പിൻഹെയ്റോയെ 01.08.2026 മുതൽ പ്രാബല്യത്തിൽ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (OSD) ആയി കോ ടെർമിനസ് വ്യവസ്ഥയിൽ കരാറടിസ്ഥാനത്തിൽ ടിയാൾ അവസാനമായി വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ തുക കുറച്ചതിനുശേഷമുള്ള വേതനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:-

1. രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
2. ശ്രീമതി സോണി പിൻഹെയ്റോ, (രജിസ്ട്രാർ ജനറൽ മുഖാന്തിരം)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
4. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം. 124 തീയതി 05.08.2026)
5. വെബ്ബ് & ന്യൂ മീഡിയ, ഐ&പി. ആർ.ഡി( സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം സി2/42/2026/ ആഭ്യന്തരം)

ഉത്തരവിൻ പ്രകാരം

Digitally signed by
DIVYA R S
Date: 06-08-2026
17:19:59

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-08-2026

ഫയൽ നം. സി2/42/2026/ആഭ്യന്തരം. ഇനം നം : **124**

വിഷയം : ആഭ്യന്തര വകുപ്പ് - കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ കോർട്ട് ഓഫീസറായി പുനർനിയമന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സോണി പിൻഹേറോയെ **01.08.2026** മുതൽ **co-terminus** വ്യവസ്ഥയിൽ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയായി നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

124

**കേരള സർക്കാർ**

**(ശ്രീ.വി ഡി സതീശൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി2/42/2026/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ കോർട്ട് ഓഫീസറായി പുനർനിയമന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സോണി പിൻഹേറോയെ 01.08.2026 മുതൽ co-terminus വ്യവസ്ഥയിൽ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയായി നിയമിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 27.07.2026 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. സജിത് കെ. ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. മിൻഹാജ് ആലം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 30.07.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 30.07.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. വി. ഡി സതീശൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 03.08.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04.08.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ കോർട്ട് ഓഫീസറായി നിലവിൽ പുനർനിയമന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സോണി പിൻഹേറോയെ 01.08.2026 മുതൽ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആയി co-terminus വ്യവസ്ഥയിൽ കരാറടിസ്ഥാനത്തിൽ ടിയാൾ അവസാനമായി വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ തുക കുറച്ചതിനുശേഷമുള്ള വേതനത്തിൽ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതി രജിസ്ട്രാർ ജനറൽ നൽകിയ പ്രൊപ്പോസലാണ് ഈ കുറിപ്പിനാധാരം.

2. ശ്രീമതി സോണി പിൻഹേറോ 31.01.2025-ൽ സർവീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് കേരള ഹൈക്കോടതിയുടെ അഭ്യർത്ഥനപ്രകാരം ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ കോർട്ട് ഓഫീസറായി 01.02.2025 മുതൽ ഒരു വർഷത്തേക്ക് പുനർനിയമിക്കുന്നതിന് 29.01.2025-ലെ G.O.(Ms) No.16/2025/Home നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. പ്രസ്തുത സേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് ഹൈക്കോടതിയുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ, 11.02.2026-ലെ G.O.(Ms) No.26/2026/Home പ്രാകാരം മന്ത്രിസഭയുടെ സാധൂകരണം ലഭ്യമാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി സേവനകാലാവധി ആറുമാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകിയിരുന്നു. ഈ നടപടി പ്രസ്തുത ഉദ്യോഗസ്ഥയ്ക്ക് "ഇനി ഒരു കാരണവശാലും പുനർനിയമന കാലാവധി ദീർഘിപ്പിച്ച് നൽകാൻ പാടില്ലെന്ന" കർശന ഉപാധിക്ക് വിധേയമായി മന്ത്രിസഭ സാധൂകരിക്കുകയും ഇത് സംബന്ധിച്ച് 28.02.2026-ലെ G.O.(Ms) No.44/2026/Home പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

3. ശ്രീമതി സോണി പിൻഹേറോയുടെ പുനർനിയമന കാലാവധി 31.07.2026-ൽ അവസാനിക്കുകയാണെന്നും, ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ ഓഫീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് പരിചയസമ്പന്നരായ ഭരണനിർവഹണ ഉദ്യോഗസ്ഥരുടെ പിന്തുണ അത്യന്താപേക്ഷിതമാണെന്നും, കൂടാതെ

കേസ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെയും അനുബന്ധ ഡിജിറ്റൽ സംവിധാനങ്ങളുടെയും സുഗമമായ പ്രവർത്തനത്തിനായി ഐടി പ്രൊജക്റ്റ് ഡയറക്ടറേറ്റുമായി ഏകോപനം നടത്തുന്നതിനും, അടിയന്തിര പ്രാധാന്യമുള്ള ജുഡീഷ്യൽ ജോലികൾ കൈകാര്യം ചെയ്യുന്നതിനും, കേസ് ഫ്ലോ മാനേജ് മെന്റിലും കോർട്ട് മാനേജ് മെന്റിലും ശ്രീമതി സോണി പിൻഹേറോയ്ക്ക് വിപുലമായ പരിചയസമ്പത്തുണ്ടെന്ന് ഹൈക്കോടതി രജിസ്ട്രാർ ജനറൽ അറിയിച്ചു ആയതിനാൽ ശ്രീമതി പിൻഹേറോയെ 01.08.2026 മുതൽ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ കാലാവധിക്ക് അനുസൃതമായി (co-terminus) ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (OSD) ആയി കരാർ അടിസ്ഥാനത്തിൽ, ടി ഉദ്യോഗസ്ഥ അവസാനം വാങ്ങിയ ശമ്പളത്തിന് തുല്യമായ വേതനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്ന് രജിസ്ട്രാർ ജനറൽ സർക്കാരിനോട് അഭ്യർത്ഥിച്ചു.

4. ഭാരതീയ ഭരണഘടനയുടെ ആർട്ടിക്കിൾ 229, കേരള ഹൈക്കോടതി സർവീസ് റൂൾസ് (2007) ലെ റൂൾ 37(2) എന്നിവ നൽകുന്ന അധികാരം വിനിയോഗിച്ച്, നിലവിൽ പുനർനിയമന വ്യവസ്ഥയിൽ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ കോർട്ട് ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി സോണി പിൻഹേറോയെ, സർക്കാരിന്റെ അനുമതിക്ക് വിധേയമായി, 01.08.2026 മുതൽ ചീഫ് ജസ്റ്റിസിന്റെ കാലാവധിക്ക് അനുസൃതമായി ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (OSD) ആയി കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ് നിർദ്ദേശിച്ചിട്ടുണ്ട്.

5. നിലവിലെ പ്രൊപ്പോസൽ പുനർനിയമന കാലാവധി നീട്ടിനൽകുന്നതിനായിട്ടുള്ളതല്ലാത്തതും, മറിച്ച് പ്രസ്തുത ഉദ്യോഗസ്ഥയെ കരാർ അടിസ്ഥാനത്തിൽ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (OSD) ആയി നിയമിക്കുന്നതിനായിട്ടുള്ളതുമാണ്. അതേസമയം നിലവിലുള്ള പുനർനിയമന കാലാവധി അവസാനിക്കുന്നതിന് തൊട്ടുപിന്നാലെ ഈ ഉദ്യോഗസ്ഥയുടെ സേവനം തുടർച്ചയായി ലഭ്യമാക്കാനാണ് ഈ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. ശ്രീമതി സോണി പിൻഹേറോയ്ക്ക് ഇനി ഒരു കാരണവശാലും പുനർനിയമന കാലാവധി നീട്ടി

നൽകാൻ പാടില്ലെന്ന കർശന ഉപാധിക്ക് വിധേയമായാണ് മുൻപ് മന്ത്രിസഭ പുനർനിയമന ദീർഘിപ്പിക്കൽ സാധൂകരിച്ചത് എന്നതിനാൽ, ഈ പുതിയ നിർദ്ദേശം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതുണ്ട്.

6. ഫയൽ ചംക്രമണം ചെയ്തപ്പോൾ, വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

**തീരുമാനമെടുക്കേണ്ട വിഷയം**

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ കോർട്ട് ഓഫീസറായി നിലവിൽ പുനർനിയമന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സോണി പിൻഹേറോയെ 01.08.2026 മുതൽ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആയി co-terminus വ്യവസ്ഥയിൽ കരാറടിസ്ഥാനത്തിൽ ടിയാൾ അവസാനമായി വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ തുക കുറച്ചതിനുശേഷമുള്ള വേതനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകാവുന്നതാണോ?